"GOMATHI (NEWS PAPER)—ACTION AGIANST

271. മിസ്റ്റർ പി. കെ. ഡീവർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവൺമെണ്ട സദയം മറുപടി പറയുമോ.—

ഗോമതി പത്രത്തിന്റെ പേരിൽ ഗവൺമെണ്ട് എപ്പോഴെങ്കിലും വല്ല നടപടിയും എടുത്തിട്ടുണ്ടോ; എടുത്തിട്ടുണ്ടെങ്കിൽ എപ്പോഴെല്ലാം, എന്തിനെ സംബന്ധിച്ച്; എന്തുമാതിരി നടപടി?

റാവു സാഹിബ് എ. മാധവപ്രഭ: നടപടി എടുത്തിട്ടില്ല.

മിസ്റ്റർ പി. കെ. ഡീവർ: പത്രത്തിന്റെ നടപടിദോഷംകൊണ്ട് പത്രാധിപരുടെ പേരിലോ അല്ലെങ്കിൽ പബ്ലീഷരുടെ പേരിലോ വല്ല നടപടിയും എടുത്തിട്ടുണ്ടോ?

റാവുസാഹിബ് എ. മാധവപ്രഭ: അടുത്തകാലത്തുണ്ടായിട്ടില്ല. പഴയകാലത്തുണ്ടായിട്ടുണ്ടോയെന്നറിയാൻ പാടില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അടുത്തകാലത്ത് എന്നു പറയുന്നതു് എത്ര കാലത്തെ ഉദ്ദേശിച്ചാണ്?

റാവുസാഹിബ് എ. മാധവപ്രഭ: ഒരു കൊല്ലത്തിനുള്ളിൽ ഉണ്ടായിട്ടില്ല.

NOON-DAY FEEDING AT SCHOOLS—DETAILS REGARDING

272. മിസ്റ്റർ കെ. കെ. കണ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവൺമെണ്ട് സദയം മറുപടി പറയുമോ.—

(എ) കഴിഞ്ഞ വിദ്യാഭ്യാസ വർഷത്തിൽ എത്ര സ്കൂളുകളിൽ നൂൺഡെ ഫീഡിങ്ങ് ഉണ്ടായിരുന്നു;

(ബി) ഈ വിദ്യാഭ്യാസവർഷത്തിന്റെ ആരംഭത്തോടുകൂടി നൂൺഡെ ഫീഡിങ്ങ് ഉള്ള വിദ്യാലയങ്ങളുടെ എണ്ണം കഴിഞ്ഞ കൊല്ലത്തേക്കാൾ കൂടുതലോ, കുറവോ;

(സി) കൂടുതലാണെങ്കിൽ അതു് എത്ര;

(ഡി) കുറവാണെങ്കിൽ അതു് എത്ര;

(ഇ) ഈ ഇനത്തിൽ കഴിഞ്ഞ വിദ്യാഭ്യാസവർഷത്തിന്റെ അവസാനംവരെ (വിദ്യാലയങ്ങൾ പൂട്ടുന്നതുവരെ) ഗവൺമെണ്ടിൽ ആകെ എത്ര സംഖ്യ ചിലവുവന്നിട്ടുണ്ട്;

(എഫ്) ഇക്കഴിഞ്ഞ റിഓപ്പുനിങ്ങ് തുടങ്ങി മിഡ്സമ്മർ വെക്കേഷൻവരെ നൂൺഡെ ഫീഡിങ്ങിനു് എത്ര സംഖ്യ വേണ്ടിവരുമെന്നാണ് ഉദ്ദേശിക്കുന്നതു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) ൪൩ ഫ.

(ബി) കുറവ്.

(സി) ബി-യുടെ ഉത്തരംകൊണ്ട് ഈ ചോദ്യത്തിനു് ഉത്തരം ആവശ്യമില്ല.

(ഡി) ൨൫ കുറവ്.

(ഇ) ക. ൪,൩൨,൨൫— ൪— ൪.

(എഫ്) ക. ൪,൦൦,൦൦൦— ൦— ൦.

മിസ്റ്റർ കെ. കെ. കണ്ണൻ: ഫ ഫ൨൫-ൽ അനുവദിച്ചുകൊടുത്തതിനേക്കാൾ ൨൫ സ്കൂളുകൾക്ക കുറവായിട്ടാണ നൂൺഡെഫീഡിങ്ങ് ഫ ഫ൩൭-ലേക്ക് അനുവദിച്ചിട്ടുള്ളു. ഈ കുറച്ചിട്ടുള്ള സ്കൂളുകളിൽകൂടി അതു കൊടുക്കാൻ ദയവുണ്ടാകുമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: കൂടുതൽ സ്കൂളുകൾക്ക് ഇതു കൊടുത്താൽ കൊള്ളാമെന്ന ഗവൺമെണ്ടിനു വിചാരമുണ്ട്. അതു നടക്കുമെന്നാണ ഗവൺമെണ്ടിന്റെ പ്രതീക്ഷ.

UNIFORMS FOR RURAL MIDWIVES

273. മിസ്റ്റർ കെ. എസ്സ്. പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവൺമെണ്ട സദയം മറുപടി പറയുമോ.—

(എ) ഗ്രാമങ്ങളിൽ നിയമിതരായിട്ടുള്ള സൂതികർമ്മിണികൾക്ക് (Rural Midwives) യൂനിഫോറത്തിനും മറ്റും ശീല ഗവൺമെണ്ടിൽനിന്നു കൊടുക്കാറുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഫ ഫ൨൯, ഫ ഫ൩൦, ഫ ഫ൩൧, ഫ ഫ൩൨ ഈ കൊല്ലങ്ങളിൽ എത്ര വാര വീതം കൊടുത്തു?

LIBRARY ARCHIVES Kerala Legislative Assembly